# കാലത്തിന്റെ ചുമരെഴുത്തുകൾ
***********************************

കാലമേ നിന്റെ ചുമരെഴുത്തുകൾ
ചിത്രം,വിചിത്രം, കല്പനാതീതം.
വരച്ചും, മാറ്റി വരച്ചും, തുടച്ചും,
പ്രപഞ്ചശില്പിക്കു കാവൽ നീ..

നിന്റെ കൺമിഴികൾ കൊള്ളാതെ
ഭവിക്കില്ലൊന്നുമുലകിൽ.
നിന്റെ കാലിഡോസ്ക്കോപ്പിലെ
വെറും ചില്ലുകഷണങ്ങൾ, ജീവികൾ.

നാളെയെന്തെന്നറിയാതെ പകച്ചും,
പിന്നെ  അഹങ്കാരത്താൽ കുതിച്ചും,
കരഞ്ഞും ,  കഴിയുമീ ഞങ്ങളുടെ
മുന്നിലെത്തുന്ന പ്രഹേളിക നീ.!

ഒന്നുമറിയാത്ത ഭാവത്തിൽ  പലതും
തൂത്തുമാറ്റുന്നു നീ റബ്ബറായ്നിത്യം..
വരക്കുന്നു നീ ചായക്കൂട്ടുകളുമായ്
കാലമേ, നിന്റെ  കൈപ്പുണ്യമെത്ര!

കറുത്ത മുഖം മൂടിയണിഞ്ഞു നില്ക്കും
ഒരു കരിമ്പിൻ തോട്ടമാണു മുന്നിൽ
കരിമ്പ് രസവും പിശറും, പിന്നെ,
പൂത്തുതളിർത്താൽ നാശവും.

നീ യെന്ന സത്യത്തിന് മുന്നിൽ
ഇല്ല പരിവേദനങ്ങൾക്ക് ഫലം.
ഇന്നലെ കണ്ടവർ പോലും
ഇന്ന് മറയുന്നു മിന്നലാട്ടം പോലെ.

കാരുണ്യമാർന്ന് തഴുകുവാനും,
നെഞ്ചോടുചേർത്ത് നശിപ്പിക്കുവാനും
വിരുതേറുന്ന കാലപ്രവാഹമേ,
നിന്നെ നമിക്കുന്നു ഞാൻ.

---

വരദേശ്വരി. കെ.
*****************************************************************